**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.339 | 28.06.2011 -ൽ മറുപടിയ്ക്ക് |
|---|---|

ഡിഫറന്റ്ലി ഏബിൾഡ് വിദ്യാർത്ഥികൾക്ക് ട്രൈ സൈക്കിൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.റ്റി എ. അഹമ്മദ് കബീർ | | ശ്രീ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | ഡിഫറന്റ്ലി ഏബിൾഡ് വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് സാമൂഹ്യക്ഷേമ പദ്ധതികളിൽപ്പെടുത്തി ഇപ്പോൾ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | വികലാംഗ വിദ്യാർത്ഥികൾക്ക് വീൽചെയർ, മുന്നുവീൽ സൈക്കിൾ, ആർട്ടിഫിഷ്യൽ ലിംബുകൾ, ശ്രവണ സഹായി, ഡി.വി.ഡി.പ്ളെയറുകൾ (അന്ധത ബാധിച്ചവർക്ക് മാത്രം) കണ്ണട, വൈറ്റ്കെയിൻ, സി.പി ചെയർ, തുടങ്ങിയ സഹായ ഉപകരണങ്ങൾ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ സൗജന്യമായി വിതരണം ചെയ്യുന്നു, കൂടാതെ സ്കൂട്ടറിൽ അഡീഷണൽ വീൽ ഘടിപ്പിക്കുന്നതിന് 10,000/- രൂപ സബ്സിഡി നൽകുന്നു. എസ്.എസ്.എൽ.സി. ഹയർ സെക്കന്ററി പരീക്ഷകളിൽ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി വിജയിക്കുന്ന കുട്ടികൾക്ക് ക്യാഷ് അവാർഡ് നൽകുന്നു പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് എൻ.എച്ച്.എഫ്.ഡി.സി. വായ്പയും നൽകുന്നു. സാമൂഹ്യക്ഷേമ വകുപ്പ് നൽകുന്ന ആനുകൂല്യങ്ങൾ അനുബന്ധം - I ആയി ചേർക്കുന്നു. |
| (ബി) | പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൗജന്യമായി സൈക്കിൾ നൽകാൻ പദ്ധതി ആവിഷ്ക്കരിച്ചതു പോലെ ഡിഫറന്റ്ലി ഏബിൾഡ് ആയിട്ടുള്ള വിദ്യാർത്ഥികൾക്ക് ട്രൈ സൈക്കിൾ പോലെ ഉപയോഗപ്രദമായ വാഹനങ്ങൾ നൽകുന്നതിനും അവയുടെ അറ്റകുറ്റപ്പണിക്ക് വാർഷിക ഗ്രാന്റ് നൽകുന്നതിനുമുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുമോ? | (ബി) | വികലാംഗരായ വിദ്യാർത്ഥികൾക്ക് ട്രൈസൈക്കിൾ സൗജന്യമായി വിതരണം ചെയ്തു വരുന്നു. കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഉപകരണ നിർമ്മാണ യൂണിറ്റുകൾ സൗജന്യമായി നൽകുന്ന മുന്നുവീൽ സൈക്കിൾ, വീൽചെയർ, ആർട്ടിഫിഷ്യൽ ലിംബുകൾ തുടങ്ങിയ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികളും ചെയ്തു കൊടുക്കുന്നുണ്ട്. |

[signature]

സെക്ഷൻ ഓഫീസർ

ഈ വിദ്യാഭ്യാസ രംഗത്ത് വിവിധ തലങ്ങളിൽ പഠിക്കുന്ന വികലാംഗ വിദ്യാർത്ഥികൾക്ക് സാമൂഹ്യക്ഷേമ വകുപ്പ് വഴി സ്കോളർഷിപ്പ് നൽകി വരുന്നു. G.O (Rt) No. 269/2006/SWD തീയതി 30.6.2006 പ്രകാരം അനുവദിക്കപ്പെട്ട സ്കോളർഷിപ്പ് നിരക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം | ക്ലാസ്സ് | ദിവസ വിദ്യാർത്ഥികൾക്ക് പ്രതിമാസം നൽകുന്ന നിരക്ക് | ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് പ്രതിമാസം നൽകുന്ന നിരക്ക് |
|---|---|---|---|
| 1 | 1 മുതൽ 4 വരെ | 100 | - |
| 2 | 5 മുതൽ 8 വരെ | 125 | - |
| 3 | 9 മുതൽ 10 വരെ | 125 | - |
| 4 | +1, +2, ഐ.റ്റി.ഐ കോഴ്സുകൾ തത്തുല്യമായ ട്രെയിനിംഗ് കോഴ്സ് | 150 | 200 |
| 4 | B.A, B.Sc, B.Com എല്ലാ ഡിഗ്രി കോഴ്സുകൾ, പോളി ടെക്നിക് തത്തുല്യമായ ട്രെയിനിംഗ് കോഴ്സുകൾക്ക് (ഇംപ്ലാന്റ് ട്രെയിനിംഗ്) | 175 | 230 |
| 5 | പ്രൊഫഷണൽ കോഴ്സുകൾ, Post Graduate Courses, B E/ BTech/MBBS/LLB/B.Ed/M A, M.Sc/M,Com/LLM/M.Ed മുതലായവ. | 250 | 300 |

ഇതു കൂടാതെ താഴെ പറയുന്ന അലവൻസുകളും അനുവദിച്ചിട്ടുണ്ട്.

1. അന്ധ വിദ്യാർത്ഥികൾക്കുള്ള റീഡേഴ്സ് അലവൻസ്

| | | |
|---|---|---|
| (എ) | 1 മുതൽ 10 വരെയും +1, +2, ITI കോഴ്സുകൾ തത്തുല്യമായ ട്രെയിനിംഗ് കോഴ്സ് | പ്രതിമാസം 50/- രൂപ |
| (ബി) | ബി.എ., ബി.എസ്.സി, ബി.കോം എല്ലാ ഡിഗ്രി കോഴ്സുകൾ, പോളി ടെക്നിക് തത്തുല്യമായ ട്രെയിനിംഗ് കോഴ്സുകൾ, പ്രൊഫഷണൽ കോഴ്സുകൾ, Post Graduate Courses, BE/ BTech/MBBS/LLB/Bed/M.A/M.Sc/M.Com/LLM/MEd മുതലായവ | പ്രതിമാസം 100/- രൂപ |

2. അസ്ഥി വൈകല്യം ബാധിച്ച വിദ്യാർത്ഥികൾക്ക് യാത്രാ ബത്ത ഇനത്തിൽ പ്രതിമാസം 100/- രൂപ വീതം അനുവദിക്കുന്നു.

3. തിരുവനന്തപുരം വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിൽ ബുക്ക് ബൈന്റിംഗ്, ടൈലറിംഗ് എംബ്രോയിഡറി ആന്റ് നീഡിൽ വർക്ക്, പേപ്പർ ക്യാരി ബാഗ് നിർമ്മാണ കോഴ്സ്, കമ്പ്യൂട്ടർ കോഴ്സുകൾ എന്നിവയും കോഴിക്കോട് വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിൽ ബുക്ക് ബൈന്റിംഗ് ആന്റ് ലതർ വർക്ക്സ്, ഡി റ്റി പി കോഴ്സ് എന്നിവയും അനുവദിച്ചിട്ടുണ്ട്. കുടുംബ വാർഷിക വരുമാനം 24,000/- രൂപയിൽ അധികരിക്കാത്ത അർഹരായ വിദ്യാർത്ഥികൾക്ക് 300/- രൂപ നിരക്കിൽ പ്രതിമാസം സ്റ്റൈപ്പന്റ് അനുവദനീയമാണ്

4. വകുപ്പിന്റെ കീഴിൽ ഏഴ് വയസ്സിന് മുകളിലും പതിനെട്ട് വയസ്സിനും താഴെയുമുള്ള വികലാംഗരായ കുട്ടികളെ സംരക്ഷിച്ച് വിദ്യാഭ്യാസം നൽകുന്നതിനായി 2 ഗവ. വികലാംഗ സദനങ്ങൾ ആലപ്പുഴ, കണ്ണൂർ എന്നീ ജില്ലകളിൽ പ്രവർത്തിച്ചു വരുന്നു. 25 കുട്ടികൾ വീതം പ്രവേശനം നൽകുന്നു.